## (10) കോഴിക്കോട് മെഡിക്കൽകോളേജിൽനിന്ന് പുറത്തേയ്ക്കു ഒഴുക്കിവിടുന്ന മലിനജലത്തിന്റെ ശുദ്ധീകരണം

ശ്രീ. എളമരം കരീം : കോഴിക്കോട് മെഡിക്കൽകോളേജിൽ നിന്നും പുറത്തേയ്ക്ക് ഒഴുക്കിവിടുന്ന മലിനജലം പരിസരവാസികൾക്ക് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കണമെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചുകൊണ്ട് അഭ്യർത്ഥിക്കാനുള്ളത്. പരിസരവാസികളുടെ ശുദ്ധജലം ലഭിക്കേണ്ട കിണറുകളും അവരുടെ വീടിന്റെ പരിസരവും ആകെ ആശുപത്രിയിൽനിന്നും ഒഴുകിവരുന്ന മലിനജലം മൂലം മാലിന്യപൂർണ്ണമായിരിക്കുകയാണ്. നേരത്തെ കേരള നിയമസഭയുടെ പരിസ്ഥിതി സമിതി ഇത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനുള്ള ഒരു പ്രോജക്ട് തയ്യാറാക്കി ഗവൺമെന്റിന്റെ അംഗീകാരത്തിനുവേണ്ടി അയച്ചുകൊടുത്തിട്ടുണ്ട്. അതോടൊപ്പം കോഴിക്കോട് കോർപ്പറേഷനും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻമാരും ചേർന്ന് താല്ക്കാലിക പരിഹാരത്തിനുള്ള ഒരു നിർദ്ദേശവും ഗവൺമെന്റിന്റെ അംഗീകാരത്തിനുവേണ്ടി അയച്ചിട്ടുണ്ട്. അടിയന്തിരപരിഗണന നല്കി ഈ സംഗതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്ന് പുറത്തേക്ക് വിടുന്ന അഴുക്ക് വെള്ളം ആ പ്രദേശത്തെ ജനങ്ങൾക്ക് പ്രശ്നമുണ്ടാക്കുന്നത് ഗവൺമെന്റിന് അറിയാം. ഇത് പരിഹരിക്കുന്നതിനുവേണ്ടി 270 ഏക്കർ സ്ഥലത്തിന് - വിവിധ കെട്ടിടങ്ങളൊക്കെ വരുന്നതാണ് - ആറരക്കോടി രൂപയുടെ ഒരു പ്രോജക്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ആ പ്രോജക്ട് ഡച്ച് പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ടു. ഈ കഴിഞ്ഞ ദിവസം അത് പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ഡച്ച് പദ്ധതിയുടെ സഹായം കിട്ടുമെങ്കിൽ ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിയും. ഡച്ച് പദ്ധതിയുടെ സഹായം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ താല്ക്കാലികമായി അഴുക്ക് ജലം പുറത്തുവരാതിരിക്കുവാനും അതിന്റെ പൈപ്പുകളുടെ കേട് തീർക്കുവാനുമായി മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപയുടെ ഒരു പദ്ധതി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന് ഒരുലക്ഷം രൂപ കോഴിക്കോട് കോർപ്പറേഷൻ ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി കൊടുക്കാമെന്ന് സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മൂന്ന് ലക്ഷത്തിമുപ്പതിനായിരം രൂപയുടെ പ്രവൃത്തി ഉടൻ ഏറ്റെടുക്കാനാവശ്യമായ നിർദ്ദേശം കൊടുത്തു കഴിഞ്ഞതായി എം.ഡി (കേരള വാട്ടർ അതോറിറ്റി) ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ആ നടപടികൾ പെട്ടെന്ന് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## (11) മദുര കോട്സ് ജീവനക്കാരുടെ അവകാശങ്ങൾ

ശ്രീ. എൻ.ആർ. ബാലൻ : സർ, ദീർഘകാലത്തെ അടച്ചു പൂട്ടലിനു ശേഷം ഈ ഗവൺമെന്റിന്റെ നിരന്തരമായ ഇടപെടലിന്റെ കൂടി ഭാഗമായിട്ടാണ് തൃശ്ശൂർ ജില്ലയിലെ മദുര കോട്സ് 1991 നവംബർ 10-ാം തീയതി തുറന്ന് പ്രവർത്തനം ആരംഭിച്ചത്. പക്ഷേ പ്രവർത്തനം ആരംഭിച്ചതിനുശേഷം കമ്പനി തുറക്കുന്നതിന് ആധാരമായി ഗവൺമെന്റ് പ്രതിനിധികളും തൊഴിലാളി സംഘടനാ പ്രതിനിധികളും മാനേജ്മെന്റും ഒപ്പിട്ട കരാർ വ്യവസ്ഥകൾ പാലി

LIBRARY ARCHIVES Kerala Legislative Assembly